**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1788** **20-06-2024 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2024-25 അക്കാദമിക വർഷം മുതൽ കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെ ഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | യു.ജി.സി. മാനദണ്ഡങ്ങൾ പലതും ഒഴിവാക്കിയതും ഏകീകൃത സ്വഭാവമില്ലാത്തതും പ്രസ്തുത കോഴ്സുകളുടെ പഠന രീതിയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | യു.ജി.സി മുന്നോട്ട് വച്ചിട്ടുള്ള Curriculum & Credit Framework for Undergraduate Programmes (December 2022) നെ പിൻതുടർന്നാണ് സംസ്ഥാനത്ത് നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ ഘടന ചിട്ടപ്പെടുത്തിയിട്ടുള്ളത്. യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള എല്ലാ അക്കാദമിക മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചിട്ടുണ്ട്. |
| (സി) | നാലുവർഷ ബിരുദ കോഴ്സുകളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ നിലവിലുള്ള അധ്യാപകരുടെയും ജീവനക്കാരുടെയും മുഴുവൻ ജോലിഭാരം സംരക്ഷിക്കുന്ന രീതിയിലാണ് നാലുവർഷ കരിക്കുലം ചട്ടക്കൂട് ചിട്ടപ്പെടുത്തിയിട്ടുള്ളത്. നാലാം വർഷം അധികമായി വരുന്നത് പ്രധാനമായും റിസർച്ച് പ്രോജക്ട്, ഇൻറേൺഷിപ്പ്, വൊക്കേഷണൽ /സ്കിൽ കോഴ്സുകൾ എന്നിവയാണ്. ഇത് നിലവിലുള്ള വർക്ക് ലോഡും പശ്ചാത്തല സൗകര്യവും പ്രയോജനപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.<br><br>നാലുവർഷ ബിരുദം നടപ്പാക്കുന്ന സമയത്ത് സർവ്വകലാശാലകളിൽ നിന്നും അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ഉയർന്നു വരുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും, സർവ്വകലാശാലകളിലെ അക്കാദമിക് പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ അംഗീകരിച്ച് ഏകീകൃത അക്കാദമിക് |

| | | | |
|---|---|---|---|
| | | | കലണ്ടറിനനുസൃതമായി നടക്കുന്നു എന്നുറപ്പുവരുത്തുന്നതിനും സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ